വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്

തിരുവനന്തപുരം

നം. ഇ3/97/2021/ഐ&പി.ആർ.

തീയതി : 08-09-2021

## ക്വട്ടേഷൻ നോട്ടീസ്

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 'പ്രിസം' പദ്ധതിയുടെ ഭാഗമായി ഡയറക്ടറേറ്റിൽ പ്രതിമാസം 30,000 രൂപ (മുപ്പതിനായിരം രൂപ മാത്രം) നിരക്കിൽ ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി വാടക വാഹനത്തിനായി ക്വട്ടേഷൻ ക്ഷണിക്കുന്നു.

- കരാർ ഒപ്പുവയ്ക്കുന്ന തീയതി മുതൽ ഒരു വർഷമായിരിക്കും കാലാവധി. ഒരു മാസത്തെ മുൻകൂർ നോട്ടീസ് നൽകി കരാർ റദ്ദാക്കാൻ പി.ആർ.ഡി.യ്ക്ക് അധികാരമുണ്ടായിരിക്കും.
- 2014 ന് ശേഷമുള്ള ടൊയോട്ട ഇന്നോവ വാഹനമായിരിക്കണം.
- പ്രതിമാസം 1500 കിലോമീറ്റർ ഓട്ടം പ്രതീക്ഷിക്കുന്നു. ഏതെങ്കിലും മാസം ഇത്രയും കിലോമീറ്റർ ഓടുന്നില്ലെങ്കിൽ ബാക്കി കിലോമീറ്റർ അടുത്ത മാസത്തെ ഓട്ടത്തിൽ കണക്കാക്കുന്നതാണ്. ഇത്തരത്തിൽ മൂന്നു മാസം വരെ ടോപ്പ് അപ്പ് ചെയ്യേണ്ടി വരും. അധികമോടുന്ന കിലോമീറ്ററുകൾക്ക് നിശ്ചിത തുക നൽകാവുന്നതാണ്.
- കരാർ കാലാവധിക്കിടയിൽ വാടകയിൽ വർധന അനുവദിക്കുന്നതല്ല.
- വാഹനം രാവിലെ എട്ടു മണി മുതൽ രാത്രിയിൽ എട്ടു മണി വരെ ലഭ്യമാക്കണം.
- ടാക്സ്, ടോൾ ഫീസുകൾ, ഡീസൽ, ഡ്രൈവറുടെ വേതനം, ഭക്ഷണം, ബാറ്റ, അറ്റകുറ്റപ്പണിയുടെ ചെലവുകൾ തുടങ്ങിയ മറ്റു ചെലവുകളെല്ലാം വാഹന ഉടമ വഹിക്കേണ്ടതാണ്. വാടക തുക മാത്രമായിരിക്കും പി.ആർ.ഡി. നൽകുക.
- വാഹനം കേടാവുന്ന സാഹചര്യത്തിൽ മറ്റൊരു ഇന്നോവ വാഹനം ലഭ്യമാക്കേണ്ടതാണ്.
- വാഹനവുമായി ബന്ധപ്പെട്ട രേഖകളെല്ലാം ഡ്രൈവറുടെ പക്കലുണ്ടാവണം.
- ഡ്രൈവർ മാന്യമായി ഇടപെടുകയും സർക്കാർ സാഹചര്യങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യക്തിയായിരിക്കണം. സർക്കാർ നിയമങ്ങൾക്ക് അനുസൃതമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ബോർഡ് വാഹനത്തിൽ സ്ഥാപിക്കേണ്ടതാണ്.

ക്വട്ടേഷനുകൾ സെപ്റ്റംബർ 30-ാം തീയതി വൈകുന്നേരം 5 മണിക്ക് മുമ്പായി ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

എസ്. ഹരികിഷോർ ഐഎഎസ്

ഡയറക്ടർ